**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2151** **30-09-2025 - ൽ മറുപടിയ്ക്ക്**

**കോഴിച്ചെന ആർ. ആർ. ആർ. എഫ്. ക്യാമ്പ് കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ കോഴിച്ചെന ആർ. ആർ. ആർ. എഫ്. (റാപ്പിഡ് റെസ്പോൺസ് ആൻഡ് റെസ്ക്യൂ ഫോഴ്സ്) ക്യാമ്പിലെ കെട്ടിടങ്ങൾ 100 വർഷത്തിലധികം പഴക്കമുള്ളതാണെന്നും ഏതുസമയത്തും ഇടിഞ്ഞുവീഴാവുന്ന അവസ്ഥയിലാണെന്നുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | എം.എസ്.പി ബറ്റാലിയന്റെ അധീനതയിൽ ഉണ്ടായിരുന്ന ക്ലാരി ക്യാമ്പ് കെട്ടിടങ്ങൾ 2018 മാർച്ച് മാസം ആർ.ആർ.എഫ് ബറ്റാലിയനു കൈമാറിയ ശേഷം ആയത് നിലനിർത്തുന്നതിനു വേണ്ട അറ്റകുറ്റപ്പണികൾ ചെയ്തു വരുന്നു. പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ എസ്റ്റിമേറ്റ് ലഭിക്കുന്നതിനു വേണ്ട നടപടി സംസ്ഥാന പോലീസ് മേധാവി തലത്തിൽ സ്വീകരിച്ചിട്ടുണ്ട്. കെട്ടിട നമ്പർ 2/183, 2/187 എന്നിവയുടെ അറ്റകുറ്റപ്പണികൾക്കായി സംസ്ഥാന പോലീസ് മേധാവി 8 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.<br>കാലപ്പഴക്കത്താൽ കേടുവരുന്ന കെട്ടിടങ്ങൾ താൽക്കാലികമായി അറ്റകുറ്റപ്പണികൾ നടത്തി പരിപാലിച്ചു വരുന്നു.<br>നിലവിലെ കെട്ടിടങ്ങൾക്ക് കാലപ്പഴക്കം ഉണ്ടെങ്കിലും അവ ഉപയോഗശൂന്യമാവാതിരിക്കാൻ ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നുണ്ട്. പൊതുമരാമത്ത് വകുപ്പ്, കെ.പി.എച്ച്.സി.സി എന്നിവിടങ്ങളിൽ നിന്നും കെട്ടിടം പുനർ നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | 100 വർഷത്തിലധികം പഴക്കമുള്ള ഈ കെട്ടിടങ്ങൾക്ക് പകരം പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള അനുമതി സർക്കാർ ലഭ്യമാക്കുമോ; വിശദമാക്കാമോ; | (ബി) | (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |
| (സി) | കാലപ്പഴക്കത്താൽ ഉപയോഗശൂന്യമായ ഈ കെട്ടിടങ്ങൾ ഇടിഞ്ഞുവീഴുകയാണെങ്കിൽ ഉണ്ടാകാവുന്ന അപകടസ്ഥിതി നേരിടാൻ ആലോചനയുണ്ടോ; വിശദമാക്കാമോ; | (സി) | (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |
| (ഡി) | 100 വർഷങ്ങൾ പിന്നിട്ട ഈ കെട്ടിടങ്ങൾക്ക് നിലവിൽ ഫിറ്റ്നസ് ലഭ്യമാണോ; വിശദമാക്കാമോ; | (ഡി) | (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | പ്രസ്തുത കെട്ടിടങ്ങൾ ഉപയോഗശൂന്യമായിട്ടും ഇവ പുനർ നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ? | (ഇ) | (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ